**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - **18/03/2016 - ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1285/2016/**തസ്വഭവ - **ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 1385/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 31 /03/2016

പരാമർശം - (1) സർക്കാരിന്റെ **18/03/2016 - ലെ സ.ഉ.(സാധാ) നം. 1285/2016/**തസ്വഭവ നമ്പർ ഉത്തരവ്

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 28/3/2016-ലെ CCPC16-33928/14 നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/03/2016-ലെ 3.36 നമ്പർ തീരുമാനം.

**ഉത്തരവ്**

ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി സർവ്വീസിന് വേണ്ടി ഡബിൾ എഞ്ചിനുള്ള സ്പീഡ് ബോട്ട് നിർമ്മിക്കുന്നതിനായി 1.68 കോടി രൂപ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് കൊച്ചി നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നല്കിയിരുന്നു. പരാമർശം **(2)**-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷന് അപേക്ഷ നല്കിയതായും എന്നാൽ ഇക്കാര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനംകൂടി ലഭ്യമാക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ മേൽ വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണമെന്നും അനുകൂലമായ തീരുമാനം ഉണ്ടാകണമെന്നും കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം **(3)**-ലെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി സർവ്വീസിന് വേണ്ടി ഡബിൾ എഞ്ചിനുള്ള സ്പീഡ് ബോട്ട് നിർമ്മിക്കുന്നതിനായി 1.68 കോടി രൂപ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ, കൊച്ചി നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും ജി.ഒ. പ്രോജക്ട് ആയി പരിഗണിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം **(1)** -ലെ ഉത്തരവ് മേൽപ്പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്